പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വൈൽഡ്‌ലൈഫ്) &
ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ.

വനം-വന്യജീവി വകുപ്പ്
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വഴുതക്കാട്, തിരുവനന്തപുരം-14
ഫോൺ : 0471-2321610
ഫാക്സ് : 0471 2320554
മൊ: 09447979015

ബി.ഡി.സി.2- 19973/2016

തീയതി : 10.07.2018

## സർക്കുലർ 05/2018

വിഷയം : തിരഞ്ഞെടുത്ത നാട്ടാനകളെ നിരീക്ഷിക്കുന്നതിനായി ഓൺലൈൻ പോർട്ടൽ സംവിധാനം സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്

സൂചന : അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ബി.ഡി.സി.) ടെ 13.06.2018 തീയതിയിലെ ഇതേ നമ്പർ കത്ത്.

സംസ്ഥാനത്ത് നാട്ടാനകൾക്ക് നേരെയുള്ള പീഢനം വർദ്ധിച്ചുവരുന്നതായി അനേകം പരാതികൾ ലഭിക്കുന്ന സാഹചര്യത്തിൽ നാട്ടാന പരിപാലന നിയമം കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത നാട്ടാനകളെ നിരീക്ഷിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഒരു ഓൺലൈൻ പോർട്ടൽ 01.07.2018 മുതൽ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഓരോ ജില്ലയിലും ആനകളെ നിരീക്ഷിക്കുന്നതിനായി ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഈ ഓൺലൈൻ പോർട്ടലിന്റെ ലിങ്ക് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ ലഭ്യമാണ്. ആനകളെ നിരീക്ഷിച്ച് വിവരങ്ങൾ ഇന്ന് മുതൽ ടി പോർട്ടലിൽ രേഖപ്പെടുത്തി തുടങ്ങേണ്ടതാണ്. ആനകളെ നിരിക്ഷിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള എല്ലാ ഉദ്യോഗസ്ഥർക്കും പോർട്ടലിൽ ലോഗിൻ ചെയ്യുന്നതിനായി ഓരോ യൂസർ നെയിം, പാസ്സ്‌വേർഡ് ലഭ്യമാക്കിയിട്ടുണ്ട്. തെരഞ്ഞെടുത്ത ആനകളെ ഓരോ ആഴ്ചയിലും നിരീക്ഷിച്ച് തൊട്ടടുത്ത തിങ്കളാഴ്ചയ്ക്കകം റിപ്പോർട്ട് പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. ആന ജില്ല വിട്ടു പോകുന്നുവെങ്കിൽ പോകുന്ന ജില്ലയിലെ ആനകളെ നിരീക്ഷിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യഗസ്ഥന് വിവരങ്ങൾ കൈമാറേണ്ടതും ടി ഉദ്യോഗസ്ഥൻ വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പോർട്ടലിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ സംസ്ഥാന തലത്തിൽ എല്ലാ തിങ്കളാഴ്ചയും ക്രോഡീകരിച്ച് പരിശോധിക്കുന്നതും വിരങ്ങൾ കൃത്യസമയത്ത് രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമായിരിക്കും..

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ